"ഭരണഭാഷ മാതൃഭാഷ"
**കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ : സുധീർ കെ ഐ എ എസ്)**

കോളേജ് വിദ്യാഭ്യാസ വകുപ്പ് -ചവറ ബി.ജെ.എം ഗവണ്മെന്റ് കോളേജിലെ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.തോമസ് ജോർജ്-നെ സ്ഥലം മാറ്റി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നമ്പർ: DCETVM/8305/2024-A1** **തീയതി: 01-01-2025**

---

പരാമർശം: 1.ചവറ ബി.ജെ.എം ഗവണ്മെന്റ് കോളേജ് പ്രിൻസിപ്പാളിന്റെ 16.08.2024, 01.10.2024, 27.09.2024 തീയതികളിലെ PRINCIPAL/1061/2024/GCC(1), B1/1132/2024/GCC നമ്പർ കത്തുകൾ

2.ചവറ ബി.ജെ.എം ഗവണ്മെന്റ് കോളേജ് പ്രിൻസിപ്പാൾ 26.10.2024 തീയതിയിലായി റിപ്പോർട്ട് ഉൾക്കൊള്ളിച്ചു കൊണ്ടുള്ള BJMKLM/15/2024-B1 നമ്പർ കത്ത്

3.ചവറ ബി.ജെ.എം ഗവണ്മെന്റ് കോളേജ് പ്രിൻസിപ്പാൾ 30.10.2024 തീയതിയിലായി ICC റിപ്പോർട്ട് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള BJMKLM/15/2024-B1 നമ്പർ കത്ത്

4.കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ DDKLM/15/2024-D5 നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്

5.ചവറ ബി.ജെ.എം ഗവണ്മെന്റ് കോളേജ് പ്രിൻസിപ്പാൾ 03.12.2024 തീയതിയിലായി കോളേജ് ഗ്രീവൻസ് സെൽ റിപ്പോർട്ട് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള BJMKLM/15/2024-B1 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം 1 പ്രകാരം ചവറ ബി.ജെ.എം. ഗവണ്മെന്റ് കോളേജിലെ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ.തോമസ് ജോർജ്, കായംകുളം എം.എസ്.എം കോളേജിലെ അധ്യാപകൻ ടി കോളേജിലെ നാലാം വർഷ ബിരുദാനന്തര ബിരുദ സുവോളജി വിഭാഗം വിദ്യാർത്ഥികളുടെ വൈവ നടത്തിപ്പിനായി വന്നപ്പോൾ മോശമായി പെരുമാറിയതായും, ഇംഗ്ലീഷ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറെ പരസ്യമായി അവഹേളിച്ചു സംസാരിക്കുകയും അപമാനകരമായ

പ്രസ്താവനകൾ നടത്തിയതായും, കോളേജ് ക്യാമ്പസ്സിൽ വച്ച് പ്രിൻസിപ്പലിനെ വഴി തടയുകയും ഭീഷണിപ്പെടുത്തുകയും ധിക്കാരപരമായി പെരുമാറുകയും പ്രിൻസിപ്പലിൻ്റെ ഔദ്യോഗിക കൃത്യനിർവഹണത്തിൽ തടസ്സപ്പെടുത്തുകയും ചെയ്തതായി പരാതികൾ ലഭിച്ചിട്ടുണ്ട്. കൂടാതെ ഡോ. തോമസ് ജോർജിനെതിരെ രണ്ടാം വർഷ സുവോളജി വിഭാഗം പിജി വിദ്യാർത്ഥികളും പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ പ്രിൻസിപ്പാളിന്റെയും ഐസിസിയുടെയും, കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെയും, കോളേജ് ഗ്രീവൻസ് സെല്ലിന്റെയും റിപ്പോർട്ടുകൾ പരാമർശം 2-5 പ്രകാരം വകുപ്പിൽ ലഭ്യമായിട്ടുണ്ട്.

പ്രസ്തുത പരാതികളും റിപ്പോർട്ടുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറർക്കെതിരെയും, വനിതാ ദിനത്തിൽ നടത്തിയ പരിപാടിക്കെതിരെയും നടത്തിയ പരാമർശങ്ങൾ അപക്വവും, ഉന്നത വിദ്യാഭ്യാസവും കർത്തവ്യബോധവുമുള്ള ഒരു അധ്യാപകന് ചേർന്നതല്ലെന്നും പ്രിൻസിപ്പാളുമായും ടിയാൾക്കെതിരെ പരാതി ഉന്നയിച്ച അധ്യാപകരുമായും ഓഫീസ് ജീവനക്കാരുമായുമുള്ള ബന്ധം തുടർന്നും സൗഹാർദ്ദപരമായിരിക്കില്ല എന്നുമാണ് വകുപ്പിന് ബോധ്യപ്പെട്ടിട്ടുള്ളത്. ഒരേ ഡിപ്പാർട്ട്മെൻറ്റിൽ തന്നെ പ്രവർത്തിക്കുന്ന അധ്യാപകർ തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മ കോളേജിന്റെ സമാധാന അന്തരീക്ഷത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിനാലും, ടി അധ്യാപകൻ ഈ കോളേജിൽ തുടരുന്നത് പരാതിക്കാരിയായ അധ്യാപികയെ മാനസികമായി ബുദ്ധിമുട്ടിക്കുമെന്നതിനാലും. ടിയാൻ വീണ്ടും പ്രശ്നങ്ങൾ സൃഷ്ടിക്കാൻ സാധ്യത ഉള്ളതിനാലും, ടി അധ്യാപകന്റെ മോശം പെരുമാറ്റം കോളേജിലെ അധ്യാപകർക്കും ജീവനക്കാർക്കും കുട്ടികൾക്കും ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നതിനാലും, കോളേജിലെ പ്രിൻസിപ്പലിനെ വരെ ഭീഷണിപ്പെടുത്തുന്ന അധ്യാപകനെ തുടർന്നും കോളേജിൽ തുടരാൻ അനുവദിക്കുന്നത് ഉചിതമല്ല എന്ന് ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ടിയാനെ ചവറ ബി.ജെ.എം. ഗവണ്മെന്റ് കോളേജിൽ നിന്നും കോട്ടയം ഗവ. കോളേജിലേക്ക് ഉടൻ പ്രാബല്യത്തിൽ സ്ഥലം മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകൻ ഉടൻ പ്രാബല്യത്തിൽ നിലവിൽ ജോലിചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റം ലഭിക്കുന്ന സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്.

Signed by
Sudhir K
Date: 01-01-2025 00:07:24

സുധീർ കെ ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2.ബന്ധപ്പെട്ട അദ്ധ്യാപകന്
3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
4.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5.എ / ബി സെക്ഷൻ സൂപ്രണ്ട്
6.കരുതൽ ഫയൽ /ഓഫീസ് ഫയൽ